
മികവ്-19
little
KITEs




# ആമുഖം

കണ്ണനല്ലൂർ എം.കെ. എൽ. എം. എച്ച്. എസ്സിന്റെ മൗലിയിൽ ഒരു പൊൻതൂവൽ കൂടി '**മികവ്- 19**'. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ സ്കൂളിന് ഒരു മുതൽകൂട്ടാണ്. ഈ സംരംഭത്തിന് സഹായിച്ച എല്ലാവർക്കും എന്റെ നന്ദി രേഖപ്പെടുത്തുന്നു.

**ജോൺസൺ കെ. ജോർജ്ജ്**

(ഹെഡ്മാസ്റ്റർ)



# ആശംസ

കണ്ണനല്ലൂർ എം.കെ. എൽ. എം. എച്ച്. എസ്സിലെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് മറ്റൊരു തിലക ച്ചാർത്തായി സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന '**മികവ് 19**' ഡിജിറ്റൽ മാസികയ്ക്ക് എന്റെ ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ. പഠന പ്രവർത്തനങ്ങളോടൊപ്പം വിദ്യാർത്ഥികളിൽ അന്തർലീന മായ ഇത്തരം കഴിവുകൾ കണ്ടെത്തി വളർത്തിയെടുക്കാൻ ശ്രമിക്കുന്ന എല്ലാ അദ്ധ്യാപകർക്കും, ഇതിന്റെ ഭാഗമായി പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും എന്റെ അഭിനന്ദ നങ്ങൾ. കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങളിലൂടെ നമ്മുടെ ലിറ്റിൽ കൈറ്റ്സ് ക്ലബ് മറ്റു സ്കൂളുകൾക്ക് മാതൃ കയായിത്തീരട്ടേ എന്ന് ആത്മാർത്ഥമായി ആശംസി ക്കുന്നു.

**ജയചന്ദ്രൻ കുറുപ്പ്. പി**

പ്രിൻസിപ്പാൾ

# സാരഥികൾ



**ജനാബ്. എം. അലികുഞ്ഞ് ലബ്ബ**
സ്ഥാപക മാനേജർ



**ജനാബ്. എ. പരീത് കുഞ്ഞ് ലബ്ബ**
ഹയർസെക്കന്ററി
സ്ഥാപക മാനേജർ



**അബ്ദുൽ മജീദ് ലബ്ബ**
സ്കൂൾ രക്ഷാധികാരി



**പി. അബ്ദുൽ ഗഫൂർ**
സ്കൂൾ മാനേജർ



**താഹ എ. മജീദ്**
സ്കൂൾ മാനേജർ

# ലിറ്റിൽ കൈറ്റ്സ് ക്ലബ്

കുട്ടികളിൽ കമ്പ്യൂട്ടർ അഭിരുചി വളർത്തുന്നതിനും ഹൈടെക് വിദ്യാലയത്തിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും വേണ്ടി 2017 മാർച്ച് 13 ന് കൈറ്റിന്റെ ആഭി മുഖ്യത്തിൽ 8-ാം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികളിൽ നിന്നും അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ മുപ്പ ത്തിയാറ് കുട്ടികളെ തിരഞ്ഞെടുക്കുകയും സുഹൈൽ. എസ്, നിസ്സാബീഗം. പി എന്നിവരുടെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി കൂട്ടായ്മക്കു രൂപം നൽകി. എല്ലാ ബുധനാഴ്ചയും വൈകുന്നേരം 3.45 മുതൽ 4.45 വരെ Python Programming Computer Graphic, Cyber Training, Mobile App എന്നീ വിഭാഗങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ 7.08.2018 ലും, 15.08.2018 ലും എക്സ്പേർട്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വിവിധ പ്രോജക്ടുകളുടെയും പരീ ക്ഷകളുടെയും ആഭിമുഖ്യത്തിൽ തിരഞ്ഞെടുത്ത പത്തു കുട്ടികൾ ഉൾപ്പെടെ 48 വിദ്യാർത്ഥികൾക്ക് 22.10.2018 ൽ നമ്മുടെ സ്കൂളിൽ വച്ച് സബ്ജില്ലാ ലെവൽ ക്യാമ്പ് വിജ യകരമായി നടത്തി.

കൂടാതെ ഹൈടെക്ക് വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി കൊണ്ട് കുട്ടികളുടെ സർഗ്ഗവാസനയെ പരിപോഷിപ്പിച്ചുകൊണ്ട് **'മികവ് -19'** എന്ന ഡിജിറ്റൽ മാഗസിൻ രൂപകൽപ്പന ചെയ്യുകയും അതിന്റെ പ്രകാശനം യഥാസമയും നിർവഹിക്കുകയും ചെയ്യുന്നു. ചാത്തന്നൂർ സബ്ജില്ലയിലെ ഐ.ടി ട്രെയിനിംഗ് സെന്ററായി ഉയർത്തിയ നമ്മുടെ സ്കൂളിൽ അധ്യാപക പരിശീലനങ്ങളും, കൂൾ ട്രെയിനിംഗുകളും, വിദ്യാർത്ഥികൾക്കുള്ള പരിശീലനങ്ങളും യഥാസമയം നടന്നുവരുന്നു.

ക്രിസ്തുമസ്സ് അവധിയിൽ തിരഞ്ഞെടുത്ത കുട്ടികൾക്കും കൈറ്റ് മാസ്റ്റർ/മിസ്ട്രസ്സ് എന്നിവർക്കും വെബ്ക്യാം, DSLR Cam എന്നിവയുടെയും ദ്വിദിന ട്രെയിനിംഗിലൂടെ കുട്ടികളെ മികച്ച കുട്ടി റിപ്പോർട്ടർമാരായി വാർത്തെടുക്കുന്നതിനും ഈ ക്ലബിന് സാധിച്ചു.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

**എം.കെ.എൽ.എം. എച്ച്. എസ്. എസ്, കണ്ണനല്ലൂർ**



*അഫ്സ*

# സൗഹൃദം

മായാത്ത സ്വപ്നമായ്, മറയാത്ത സ്വപ്നമായ്
എന്നുമെൻ മനസ്സിൽ വിരിയുന്ന സൗഹൃദം.
അതിരില്ലാ സ്നേഹത്തിൻ അഴകാം വെളിച്ചമായ്
എന്നുള്ളിൽ തെളിയുന്ന ദീപം പോൽ സൗഹൃദം.
എരിയുമെൻ മനസ്സിലെ നൊമ്പരപ്പൂക്കളെ
തഴുകിയുറക്കാൻ കാറ്റുപോൽ സൗഹൃദം.
മോഹത്തിൻ തേരിലെന്നപോൽ നാം പുസ്തകത്താളിൽ
കളിച്ചനേരം ഇണങ്ങിയും പിണങ്ങിയും കളിവാക്കുപറഞ്ഞും
കാലംപോയ കാര്യം മറന്നുപോയി.
അന്നാ മഴയിൽ നാം വിടപറഞ്ഞ നേരം
നിൻ കണ്ണിൽ നിന്നു വീണ അശ്രുകണം
ഇന്നുമെൻ മനസ്സിൽ മായാതെ
മായാത്ത മറയാത്ത ഓർമ്മകളുമയ്
അന്നാ മഴയത്ത് പോയ് മറഞ്ഞു.
വിടപറഞ്ഞാലും മറയില്ല സ്നേഹം
നിന്നോട് വിടപറയാത്തൊരെൻ മനസ്സിൽ.
പിന്നെ നാം കണ്ടില്ല, ആ മൊഴിയൊന്നു കേട്ടില്ല.
കാലം കഴിഞ്ഞാലും മറക്കില്ല. എൻ മനസ്സിന്നടിത്തട്ടിൽ
സൂക്ഷിക്കും ഞാൻ സ്നേഹസ്പർശമാം സൗഹൃദത്തെ..

*ഫൗസിയ . എസ്*

IX .E

# മായാത്ത ദിവസം

കുറെ ദിവസമായി അമ്മു സ്കൂളിൽ  പോയിട്ട് എന്ന കാര്യം അവർ അത്ഭുതത്തോടെയാണ് ഓർത്തത്. എട്ടാം ക്ലാസ്സിലെ ആദ്യ ദിവസം  അവളെ ക്ലാസ് ലീഡറായി  തെരഞ്ഞെടുത്തതിൽ ക്ലാസ് ടീച്ചർ ഗൗരി ടീച്ചറോട് വല്ലാത്ത മതിപ്പുതോന്നി. എല്ലാ കാര്യങ്ങലും ഒന്ന് വിടാതെ അവർക്ക് കഴിയും വിധം ചെയ്ത് പോയി. എട്ടാംതരം ഡിവി ഷനുകളിൽ അഞ്ചാമത്തെതാണ് അമ്മുവിന്റെ ക്ലാസ് എല്ലാ പ്രവർത്ത നങ്ങളിലും മികച്ച കഴിവ് കാഴ്ചവെയ്ക്കുന്ന കുട്ടികൾ. പക്ഷെ എല്ലാ വർക്കും സങ്കടമുണ്ടായിരുന്നു. ഗൗരി ടീച്ചർ ക്ലാസ് ടീച്ചറല്ലേ?  എന്നി ട്ടെന്താ എന്നും ക്ലാസിൽ വരാത്തത്. അടുത്ത് ക്ലാസിലെ ദ്വീപിപിക ടീച്ചർക്ക് ഞങ്ങളെ വല്ലാത്ത ശ്രദ്ധയായിരുന്നു.

പതിവില്ലാതെ ഗൗരി ടീച്ചർ അന്ന് ക്ലാസിലേക്ക് വന്നപ്പോൾ എല്ലാ വരും ടീച്ചറുടെ മുഖത്തേക്ക് നോക്കി. “എന്ത്, ആർക്കും ഞാൻ വന്നത് ഇഷ്ടമായില്ലേ?” ടീച്ചർ ദേഷ്യത്തോടെ ചോദിച്ചു. എന്താ നിങ്ങൾ പഠി ക്കാത്തത്. നിങ്ങളുടെ കുറ്റമാണ്.എന്റേതല്ല, എന്നെ ആരും ഭരിക്കാൻ വരണ്ട. ഇനി എന്റെ രീതിയിലെ ഞാൻ മുന്നോട്ടു പോകൂ. ടീച്ചർ വളരെ കോപിഷ്ഠയായി. ക്ലാസിലാകെ നിശബ്ദത പരന്നു. ഇതെല്ലാം അമ്മു വിനെ കുറിച്ചാണ് എന്ന് അമ്മുവിന് മനസ്സിലായി. അവൾ സങ്കടം കൊണ്ട് കണ്ണ് നിറഞ്ഞു. പിന്നെ ലഞ്ച് ബ്രേക്കിനുള്ള ബല്ല് നീട്ടിയടിച്ചു. എല്ലാവരും എങ്ങോട്ടാ? ഞാൻ പറയുന്നത് കേട്ടിട്ട് പോയാൽ മതി. ഒരു രക്ഷിതാവും ഒരു കാര്യം പറഞ്ഞ് ഇങ്ങോട്ട് വരണ്ടാ. എന്റെ രീതി പറ്റാ

ത്തവർ ക്ലാസിൽ ഇരിക്കണ്ട. എല്ലാരുംവീട്ടിൽ പോയി പറഞ്ഞോ. ടീച്ചർ ക്ലാസിൽ നിന്ന് ഇറങ്ങി.

അമ്മുവീട്ടിൽ എത്തിയത് മുറിഞ്ഞ മനസ്സോടെയാണ്. അന്ന് രാത്രി അവൾക്ക് ഉറക്കം വന്നില്ല. വിദ്യാർത്ഥികളായ ഞങ്ങൾക്ക് ക്ലാസിൽ നിന്ന് കിട്ടേണ്ടത് കിട്ടണം. എന്നുമാത്രമല്ലേ എന്റെ അച്ഛൻ പറഞ്ഞതുള്ളൂ. അതിനെന്തിനാ മറ്റുകുട്ടികളുടെ മുന്നിൽ വെച്ച് എന്റെ രക്ഷിതാവിനെ കുറിച്ച് ഇങ്ങനെ പറഞ്ഞത്. ഇങ്ങനെ ഓരോന്ന് ചിന്തിച്ച് അവൾ ഉറക്കത്തിലേക്ക് വഴുതി വീണു. പെട്ടെന്ന് അവൾ ഞെട്ടിയുണർന്നു. ടീച്ചർ... അടിക്കല്ലേ. അവളുടെ നിലവിളി കേട്ട് അച്ഛൻ ഓടിവന്നു. "എന്താ മോളേ" അച്ഛാ ടീച്ചർ എന്നെ ദ്രോഹിക്കുന്നു.

എന്റെ മോൾ മാനസികമായി വല്ലാതെ വളർന്നിരിക്കുന്നു. ഒരു തീരുമാനവുമില്ലാതെ ആ ടീച്ചറിന്റെ ക്ലാസിൽ മോള് പോകണ്ട. തന്നെ സ്നേഹിക്കുന്ന ഒരുപാട് അധ്യാപകരും കുട്ടുകാരുമുണ്ട് അവിടെ. അറിവിന്റെ അക്ഷരം പകർന്ന് തരുന്ന അവിടേക്ക് പോകാൻ തനിക്ക് കഴിയുമോ എന്ന് ഓർത്ത്. അവളുടെ മനസ്സിൽ മുറിവ് പോലെ തോന്നി.

●

**Alfiya mol. S.H**
IX J

# Magical Love

What worlds of wonder are our Moms
Each mom is a magical world.
She is my chosen friend
She was hide my mistake every time

Mom is a magic love
Mom with a touch a child unlocks
She follow me like a shallow

She is the light of my life
She is the special of my life.
I was blessed to god
That thinking of my mom.

My lovley mummy
You are my love
You is my heart beat
I am blessed Mom you are

അൽഫിയ മോൾ. എസ്. എച്ച്

# കണ്ണീരൊപ്പാൻ

ഒരു കടൽത്തീരമായ് മാറി നീ എൻ ഉള്ളിൽ
ഒരു മഴയായി പെയ്തു നീ ഇന്നു എൻ ഉള്ളിൽ
കണ്ണീർ പൊഴിക്കാത്ത രാവില്ല പകലില്ല
നിന്റെ ആ കണ്ണീരിൽ നീറി ഞാനും

നിഴലായി കൂടെയുണ്ടെന്നവളും എൻ
തണലായി കുടെയുണ്ടെന്നുമിന്നും
കാണാത്ത കനവിലെ കാഴ്ചകൾ എന്നും
കാണിച്ചു തരുമെന്റെ പൊന്നമ്മയാ

എന്നുടെ മനതിലെ കനലായ് എരിയുന്ന
തീകനലായി എന്റെ അമ്മ
ജീവിത പാതയിൽ എന്നെ മുന്നിൽ
നിർത്തുന്ന ശക്തിയായി മാറി എന്റെ അമ്മ

അമ്മേ നിന്നെ ഞാൻ വാഴ്ത്തുന്നു.
ലോകമാകെ
പൂമാല ചാർത്തുന്നു
നിന്നെ എന്നും.

അയിഷ. എച്ച്
IX.C

# ആപ്തവാക്യം

"വിദ്യാഭ്യാസത്തെ അവഗണിക്കുന്നു മനുഷ്യർ
ജീവിതാവസാനം വരെ മുടന്തി നടക്കും."

-പ്ലേറ്റോ

"ജ്ഞാനമാണു വിവേകികളുടെ
കിരീടം; ഭോഷത്തം.
ഭോഷന്മാർക്കു പൂമാലയും"

-ബൈബിൾ

"മാന്യത കൈവിട്ടവൻ
നന്മകൈവിട്ടതു പോലെയാണ്."

-മുഹമ്മദ് നബി

പരിശ്രമത്തിലാണ് സംതൃപ്തി
പൂർണ പരിശ്രമമെന്നാൽ
പൂർണ സംതൃപ്തിയെന്നാണ്.

-മഹാത്മാഗാന്ധി

**Vishnupriya. B**
IX. J

# Zen's first Song

Once upon a time these lived a beautiful girl. Her name was Zen daya. 'Zen' was the familiar name for Zendaya. She lived with her loving parents. Zen's father was woodcutter. He cut trees for the king of the palace. Her mother was a housewife. Zen was a little girl however she was blessed with beautiful pleasant voice.

Every night's she used to go to a magical forest with her mother. Zen was a different girl. She believed in magic. One day her parents told an amazing story about princess; to Zen to was so interesting. She listerned the story carefully. And after she asked about the magical princess so many times.

One day when she asked about that magical princess her father replied "Dear all girls are princess, and all princes is born with magic ." that is talent. You have to find that magic, that lies in you." From that day zen tried to find her talent. One day she sang all these, her voice flowed like stream, the wind carried her voice. That was pleasant to every eare. Many brids, animals and every person who heared that song stopped there work and listerned to her song. Her parents also heard her song. They became very happay because they found their daughters talent, the magical power in their little princess.

Her first song they said every body who listered to her also said the same with a little correction "This is the first sweet song I ever heard"

Hafsa. N
Std. IX C

# Expanded Proverbs

* Money is a good servant, but a bad Master
* Life is made of little things
* Honesty is the best policy
* Barking dogs seldom bite
* Beauty is only skin deep
* True love never grow old
* Child is the father of man
* Pen is mightier than the sword
* A friend is need is a friend indeed
* A Stitch in times saver nine
* Actions speak louder than words
* All is well that end well.
* Early bird catches the worm
* Look before you leap
* Every dog has a day
* As you sow, so shall you reap
* All lay load on a wlling horse
* A rolling stone gathers no moss
* A fool and his money are soon parted
* A fault confessed is half redressed
* A burnt child dreads the fire
* A book tight shut, is but a block of papers
* A bird in hand is worth two in the bush
* A bad workman always blames his tools

ഹഫ്സ

# പഴഞ്ചൊല്ല്

- * മഴ പെയ്താൽ പുഴയറിയും
- * വിത്തുഗുണം പത്തുഗുണം
- * സമ്പത്ത് കാലത്ത് തൈപത്ത് വച്ചാൽ ആപത്ത് കാലത്ത് കാ പത്ത് തിന്നാം
- * പയ്യ തിന്നാൽ പനയും തിന്നാം
- * വേണമെങ്കിൽ ചക്ക വേരിലം കായിക്കും
- * മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും
- * വിതച്ചതെ കൊയ്യൂ
- * എല്ല് മുറിയെ പണി ചെയ്താൽ പല്ലുമുറിയെ തിന്നാം
- * ചുവട്ടിൽ നനച്ചാൽ തലപ്പത്ത് വിളയും
- * കർഷകന്റെ കണ്ണാണ് കൃഷിക്ക് വളം
- * വേലി തന്നെ വിളവ് തിന്നുന്നു.
- * ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും.

സെയ്ദലി. എം

# പ്രകൃതി

എത്ര സുന്ദരം എൻ പ്രകൃതി
എന്തു ഭംഗി എൻ പ്രകൃതി
പച്ചപിടിച്ച എൻ പ്രകൃതി
തോടും പുഴയും നെൽപാടവും
പ്രകൃതിതൻ സുന്ദരം പാടുന്നു
പക്ഷിക് പാടി നടക്കുന്നു
പറവകൾ പൂക്കളിലാടുന്നു
എത്ര സുന്ദരം എൻ പ്രകൃതി
എത്ര ഭംഗി എൻ പ്രകൃതി.

ഹഫ്സ

കഥ

# കണ്ണടച്ച് വിശ്വസിക്കരുത്

ഒരു മുന്തിരി തോട്ടത്തിൽ ഒരു കുഞ്ഞാറ്റക്കുരുവി പാർത്തിരുന്നു. ഒരു ദിവസം കുരുവി മുന്തിരി തോട്ടത്തിൽ ചിക്കിത്തിരിഞ്ഞ് നിന്നു കൊണ്ടിരുന്നു. അപ്പോൾ ഒരു പരുന്ത് ആകാശത്ത് വട്ടമിട്ട് പറക്കുന്നുണ്ടായിരുന്നു. കുരുവിയെ കണ്ട് പരുന്ത് പറന്നു വന്ന് കുരുവിയുടെ മേൽ ചാടിവീണു. കുരുവി പേടിച്ചു വിറച്ച് കരഞ്ഞു കൊണ്ട് അടുത്തുണ്ടായിരുന്ന ഒരു മാളത്തിൽ കയറി രക്ഷപ്പെട്ടു. കുരുവിയെ പിടിക്കാൻ കഴിഞ്ഞില്ലല്ലോ. എന്നോർത്ത് പരുന്ത് നിരാശനായി. കുരുവിയെ പിടിക്കാൻ പിടിക്കാൻ തക്കം നോക്കി മാളത്തിൽ ചെന്നിരുന്ന് സ്നേഹപൂർവ്വം വിളിച്ചു. എന്റെ പുന്നാരക്കുരുവീ നീ എന്തിനാണ് മാളത്തിൽ കയറിയിരിക്കുന്നത്? പുറത്തിറങ്ങിവരു ഞാൻ ധാരാളം ധാന്യം ശേഖരിച്ച് വച്ചിട്ടുണ്ട്. അത് നിനക്ക് തരാം ഞാൻ നിന്നെ പിടിച്ചുകൊണ്ടുപോയി ധാന്യം തരാൻ വേണ്ടി വന്നതാണ്. പരുന്തിന്റെ സ്നേഹപൂർവ്വമായ വാക്കുകൾ കുരുവി വിശ്വസിച്ചു. കുരുവി മാളത്തിന് പുറത്തു വന്നു. പരുന്ത് കുരുവിയുടെ മേൽചാടിവീണു അതിനെ കൊത്തിക്കീറി തിന്നു.

(സാരാംശം - ശത്രുവിന്റെ വാക്കുകൾ മുഖവിലയ്ക്ക് എടുക്കരുത്)

**Beema**
**IX. C**

**Story**

# The Longest Jump

Oneday in the forest, king frog announcement the sports Day. Many frogs gave names for the competition of long jump. All frog were eager to know who could her the long jump champion. The little frog knews that he can never win the trophy, because he was not good at sports. The long jump item started the little frog decided to Sit among them the audience in the gallery. By mistake he Sat on abe. The bee became furious and stung the little frog. The little frog could not tolerate the pain he shouted and jump in the air, he landed ahead the other frogs surprisingly he was declared as the winner in the long jump competition his jump was a world recorded he got a big trophy the little frog was very happy.

**Bismiya**
**(Poem)**

# TEARS

God's wonderful gift happiness,
coupled with sorrow,
Makes a complete man.
People try to be gay,
And put on a mask of Joy,
But behind every bit of laughter,
There is a  drop of tear.
Ready to roll down the silent cheek.
All say wealth is everything,
Nobody accepts what they said,
They remark " Sorrow oops; What it is?"
But when  left alone,
They  burst out unconsiously,
Thinking of the bygone years,
No man remains happy forever,
Nor Weeps throuhout life
Man in born in to this world
And  then finally reaches the grace,
Crying and making others cry.
Tears are the most precious gems,
so hold on to them
Never Waste them on silly things.
There are far more important issues
To shed them for....

**Aisha. H**
**IX. C**

# What is that makes life 100% success?

The truth to make life 100% success

If A = 1, B = 2 .......... Z = 26

Then;

Hard Work

H+A+R+D+WHO+R+K

8+1+18+4+29+15+18+11 = 98%

KNOWLEDGE

K+NHO+ W+ L+E+D+ Cr+E

11+14+15+23+12+5+4+7+5+ = 96%

LOVE

L+O+V+E

12+15+22+5 = 54 %

LUCK

L+U+C+K

12+21+8+11 = 47%

Then what is it that makes life 100% success?

Is it money? No!!!

ATTITUDE

A+T+T+I+T+U+D+E=

1+ 20 +20 + 9 + 20+21 +4+5 = 100%

So our attitude towards life and work makes our life 100% success.

# കൃതജ്ഞത

ഹൈടെക് വിദ്യാഭ്യാസത്തിലൂടെ പൊതു വിദ്യാഭ്യാസത്തിന്റെ ഉയർച്ചയ്ക്കായി പ്രവർത്തിക്കുന്ന KITE ന് കൈതാങ്ങായി പ്രവർത്തിക്കുന്നതിനും അതിലൂടെ ഞങ്ങളുടെ **'മികവ് -19'** എന്ന ഈ സംരംഭത്തിനായി പ്രയത്നിച്ച എല്ലാവർക്കും ലിറ്റിൽ കൈറ്റിന്റെ നിസ്സിമമായ നന്ദി രേഖപ്പെടുത്തുന്നു.

**സുഹൈൽ. എസ്**
കൈറ്റ് മാസ്റ്റർ

**നിസ ബീഗം . പി**
കൈറ്റ് മിസ്ട്രസ്സ്